 എ.വൈ.ആർ

# സൂറ-28 / അൽ ഖസ്വസ്വ്

## സൂക്തം: 38 – 42

ദൈവം വാനലോകത്ത് ഏതോ സ്വർഗീയ കൊട്ടാരത്തിലെ സിംഹാസനത്തിലിരുന്നു വാഴുകയാണെന്ന സങ്കൽപം പുരാതന കാലം മുതലേ സാമാന്യ ജനങ്ങളിലുണ്ട്. അതുകൊണ്ടാണ് ഫറവോൻ ദൈവത്തെ തെരഞ്ഞ് ആകാശാരോഹണത്തിനൊരുങ്ങുന്നത്. മനുഷ്യൻ ഭൗമേതര ഗ്രഹങ്ങളിൽ സഞ്ചരിക്കുകയും കൃത്രിമ ഉപഗ്രഹങ്ങളിലൂടെ ബഹിരാകാശം മുഴുവൻ ഒപ്പിയെടുക്കുകയും ചെയ്തിട്ട് ദൈവത്തെ കണ്ടെത്തിയിട്ടില്ല എന്ന് നാസ്തികർ പറയുന്നതും ഇതേ സങ്കൽപത്തെ ആസ്പദമാക്കിയാണ്.



وَقَالَ فِرْعَوْنُ يَا أَيُّهَا الْمَلَأُ مَا عَلِمْتُ لَكُم مِّنْ إِلَٰهٍ غَيْرِي
فَأَوْقِدْ لِي يَا هَامَانُ عَلَى الطِّينِ فَاجْعَل لِّي صَرْحًا لَّعَلِّي
أَطَّلِعُ إِلَىٰ إِلَٰهِ مُوسَىٰ وَإِنِّي لَأَظُنُّهُ مِنَ الْكَاذِبِينَ ﴿٣٨﴾

38. ഫറവോൻ കൽപിച്ചു: അല്ലയോ നാട്ടുമുഖ്യന്മാരേ, നിങ്ങൾക്ക് ഞാനല്ലാത്ത ഒരു ദൈവമുള്ളതായി ഞാനറിഞ്ഞില്ലല്ലോ! ഓ ഹാമാൻ, ഉടനെ കളിമണ്ണ് ചുട്ട് എനിക്കു വേണ്ടി ഒരു ഉത്തുംഗ ഗോപുരം ഉണ്ടാക്കുക. അതിൽ കയറി മൂസായുടെ ദൈവത്തെ ഞാനൊന്ന് തെരഞ്ഞുനോക്കട്ടെ. അവൻ നുണ പറയുന്നുവെന്നാണ് എനിക്ക് തോന്നുന്നത്.

**38**

وَقَالَ فِرْعَوْنُ= ഫറവോൻ പറഞ്ഞു (കൽപിച്ചു) يَا أَيُّهَا الْمَلَأُ = അല്ലയോ നാട്ടുമുഖ്യന്മാരേ
مَا عَلِمْتُ= ഞാൻ അറിഞ്ഞില്ല(ല്ലോ) لَكُم = നിങ്ങൾക്ക് (ഉള്ളതായി) مِّنْ إِلَٰهٍ = ദൈവത്തിൽനിന്ന് (ഒരു ദൈവം)
غَيْرِي= ഞാൻ അല്ലാത്ത فَأَوْقِدْ لِي= എനിക്കുവേണ്ടി (ഉടനെ) തീ കത്തിക്കുക (ചുട്ട്) يَا هَامَانُ= ഹാമാനേ
عَلَى الطِّينِ= കളിമണ്ണിന്മേൽ (ഇഷ്ടിക) فَاجْعَل لِّي صَرْحًا= എന്നിട്ട് എനിക്കുവേണ്ടി ഒരു ഉത്തുംഗ ഗോപുരം ഉണ്ടാക്കുക
لَّعَلِّي أَطَّلِعُ = അതിൽ കയറി ഞാൻ എത്തിനോക്കാൻ (ഒന്നു തെരഞ്ഞുനോക്കട്ടെ)
إِلَىٰ إِلَٰهِ مُوسَىٰ = മൂസായുടെ ദൈവ(ത്തെ)ത്തിലേക്ക് وَإِنِّي لَأَظُنُّهُ= ഞാൻ അവനെ വിചാരിക്കുന്നു (എനിക്കു തോന്നുന്നത്)
مِنَ الْكَاذِبِينَ= നുണയന്മാരിൽപെട്ടവൻ ആണെന്ന് (അവൻ നുണ പറയുന്നുവെന്നാണ്)

ഫറവോന്റെ മന്ത്രിയോ മുഖ്യ ഉപദേശകനോ ആയിരുന്നു ഹാമാൻ. ഇയാളെ നേരത്തേ 6-ാം സൂക്തം പരാമർശിച്ചിട്ടുണ്ട്. ഇവിടെ, 'നിങ്ങൾക്കു ഞാനല്ലാത്ത ഒരു ദൈവമുള്ളത് ഞാനറിഞ്ഞില്ലല്ലോ' - مَا عَلِمْتُ لَكُم مِّنْ إِلَٰهٍ غَيْرِي - എന്ന ഫറവോന്റെ പ്രസ്താവന ശ്രദ്ധേയമാകുന്നു. യഥാർഥത്തിൽ ഫറവോനും ഖിബ്ത്വികളും അനേക ദൈവങ്ങളിൽ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്തിരുന്നു. ഫറവോൻ തന്നെ സൂര്യദേവന്റെ അവതാരമായിട്ടാണ് കരുതപ്പെട്ടിരുന്നത്. പ്രപഞ്ചസ്രഷ്ടാവ് താനാണെന്നോ താൻ മാത്രമാണ് ഒരേയൊരാരാധ്യൻ എന്നോ അല്ല ഫറവോൻ ഇവിടെ ഉദ്ദേശിക്കുന്നത്; പ്രത്യുത തന്റെ സാമ്രാജ്യത്തിന്റെ സമ്പൂർണമായ ഉടമസ്ഥനും അധികാരിയും ഈ രാജ്യത്ത് ചോദ്യം ചെയ്യപ്പെടാതെ നിരുപാധികം അനുസരിക്കപ്പെടേണ്ടവനും താൻ മാത്രമാകുന്നു എന്നാണ്. സൂറ *അന്നാസിആത്* 24-ൽ انا ربكم الأعلى (ഞാനാണ് നിങ്ങളുടെ അത്യുന്നത നാഥൻ) എന്നു പ്രഖ്യാപിക്കുന്നതും ഇതേ അർഥത്തിലാണ്. *അസ്സുഖ്റുഫ്* 51-ൽ أَلَيْسَ لِي مُلْكُ مِصْرَ وَهَٰذِهِ الْأَنْهَارُ تَجْرِي مِن تَحْتِيٓ (മിസ്രയീമിന്റെ ഉടമസ്ഥത എനിക്കല്ലയോ, ഈ നദികളൊക്കെയും ഒഴുകുന്നത് എന്റെ കീഴിലല്ലയോ?) എന്ന് ഫറവോൻ തന്റെ നിലപാടിനെ ന്യായീകരിക്കുന്നുമുണ്ട്. അതേസമയം ഫറവോനും കൂട്ടരും മറ്റനവധി ദൈവങ്ങളെ ആരാധിച്ചിരുന്നുവെന്നും ഖുർആൻ തന്നെ വ്യക്തമാക്കുന്നു:

وَقَالَ الْمَلَأُ مِن قَوْمِ فِرْعَوْنَ أَتَذَرُ مُوسَىٰ وَقَوْمَهُ لِيُفْسِدُوا فِي الْأَرْضِ وَيَذَرَكَ وَآلِهَتَكَ ۚ

(ഫറവോന്റെ ജനത്തിലെ പ്രമാണിമാർ ചോദിച്ചു; മൂസായെയും അവന്റെ ജനത്തെയും അങ്ങ് കയറൂരിവിടുകയാണോ, അവർ നാട്ടിൽ കുഴപ്പമുണ്ടാക്കാനും അങ്ങയെയും അങ്ങയുടെ ദൈവങ്ങളെയും തള്ളിക്കളയാനും?). ഈ ദൈവങ്ങൾക്കൊന്നും ഭൗതിക ലോകത്തിന്മേലോ ജീവിതത്തിന്മേലോ യാതൊരാധിപത്യവുമില്ലായിരുന്നു. മിസ്രയീം രാജ്യത്തിന്റെയും അതിലെ വിഭവങ്ങളുടെയും ഉടമയും പരമാധികാരിയും അന്നാട്ടുകാരുടെ നിരുപാധികമായ വിധേയത്വത്തിന്റെ ഏകാവകാശിയും എന്ന അടിസ്ഥാനത്തിലാണ് ഫറവോൻ ഞാനാണ് ദൈവവും റബ്ബും എന്നവകാശപ്പെട്ടത്. ഈ അവകാശവാദം യഥാർഥത്തിൽ തെറ്റാണെങ്കിലും അയാളുടെ സങ്കൽപപ്രകാരം ശരിയാണ്. ആത്യന്തികമായ പരമാധികാരവും വിധേയത്വവുമെല്ലാം الله -ന്റെ അർഥങ്ങളിൽ ഉൾപ്പെടുന്നു. ഈ ലോകത്ത് പരമാധികാരവും നിരുപാധികമായ വിധേയത്വവും അവകാശപ്പെടുന്ന സ്വേഛാധിപതി -അക്രമത്തിലൂടെ ഭരണം കൈവശപ്പെടുത്തിയതായാലും ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടതായാലും- സ്വയം ദൈവം ചമയുകയാണ്. ആ അവകാശവാദം നിരാക്ഷേപം സമ്മതിച്ചു കൊടുക്കുന്നത് ആ കൃത്രിമ ദൈവത്തിനുള്ള ഇബാദത്താകുന്നു എന്നാണ് ഇതിൽനിന്ന് സ്പഷ്ടമാകുന്നത്, ഇലാഹിന്റേതു മാത്രമായ അധികാരാവകാശങ്ങൾ മറ്റുള്ളവർക്ക് പങ്കുവെക്കുന്നതു പോലെത്തന്നെ സ്വയം അവകാശപ്പെടുന്നതും ശിർക്കാകുന്നു. സൃഷ്ടികളുടെ എല്ലാ അധികാരങ്ങളും അവകാശങ്ങളും അല്ലാഹുവിന്റെ അധികാരാവകാശങ്ങൾക്കു വിധേയമാണ്. ഏതെങ്കിലും കാര്യത്തിൽ താൻ അല്ലാഹുവിന്റെ അധികാരാവകാശങ്ങൾക്ക് അതീതനാണെന്ന് വാദിക്കുന്നത് അക്കാര്യത്തിൽ താൻ അല്ലാഹുവിനു തുല്യനാണെന്ന് വാദിക്കലാകുന്നു. പ്രപഞ്ച വിധാതാവായ അല്ലാഹുവിൽ വിശ്വസിക്കുകയും അവനു വിധേയനായിരിക്കുകയും ചെയ്യുക എന്ന സന്ദേശവുമായെത്തിയ മൂസാ(അ)യോട്, മിസ്രയീമിന്റെയും അതിലെ ജനങ്ങളുടെയും കാര്യത്തിൽ ഭൗതികമോ അഭൗതികമോ ആയ ഒരധികാര ശക്തിയെയും ഞാൻ അംഗീകരിക്കുകയില്ലെന്ന് പരിഹാസപൂർവം പറയുകയാണ് ഫറവോൻ.

തുടർന്ന് മന്ത്രി ഹാമാനെ വിളിച്ച് പറയുന്നു: ഓ ഹാമാൻ, ഇഷ്ടിക ചുട്ട് എനിക്കു വേണ്ടി ഒരു ഉത്തുംഗ ഗോപുരം പണിയുക. ഞാൻ അതിൽ കയറി വാനലോകത്തൊക്കെ ഒന്നു പരിശോധിച്ചു നോക്കട്ടെ, മൂസാ പറയുന്ന ദൈവം അവിടെവിടെയെങ്കിലും ഉണ്ടോ എന്ന്! فَأَوْقِدْ لِي يَا هَامَانُ عَلَى الطِّينِ-യുടെ ഭാഷാർഥം ഹാമാനേ, എനിക്കുവേണ്ടി കളിമണ്ണിന്മേൽ തീ കത്തിക്കുക എന്നാണ്. ഇതിന് രണ്ടു വിവക്ഷയാകാം: 1) കളിമണ്ണുകൊണ്ടുള്ള ഇഷ്ടിക ചുട്ടെടുക്കുക. 2) കളിമണ്ണിന്മേൽ ചൂള വെക്കുക. കളിമണ്ണുകൊണ്ട് ഇഷ്ടികയുണ്ടാക്കി ചൂളക്കുവെച്ച് ഉറപ്പുവരുത്തി അതുകൊണ്ട് കെട്ടിടം നിർമിക്കുന്ന സമ്പ്രദായം ഇന്നെന്ന പോലെ പുരാതന കാലത്തും ഉണ്ടായിരുന്നു. കളിമണ്ണുകൊണ്ട് ഭിത്തികൾ നിർമിച്ച് അതിന്മേൽ തീയിട്ട് ഉറപ്പിച്ച് മുകളിലേക്കുയർത്തുന്ന സമ്പ്രദായവും ഉണ്ടായിരുന്നു. ഇവിടെ ഉദ്ദേശിച്ചത് രണ്ടിലേതുരീതിയുമാകാം. കണ്ടു, എത്തിനോക്കി, സൂക്ഷ്മമായി നിരീക്ഷിച്ചു, കയറി നോക്കി തുടങ്ങിയ ആശയങ്ങളുള്ള إطّلع -യുടെ ഉത്തമ പുരുഷഭാവിവചനമാണ് أَطَّلِعُ ഉദിച്ചുയർന്നു എന്ന അർഥത്തിൽ طَلَعَ ഉപയോഗിക്കും. لَعَلِّي أَطَّلِعُ എന്നാൽ ഞാനൊന്ന് കയറിനോക്കട്ടെ എന്നോ, എനിക്ക് കയറിനോക്കാൻ കഴിഞ്ഞാലോ എന്നോ ആണ് താൽപര്യം. أطلع -വിനു ശേഷം على الصرح فأنظر -ഞാൻ ആ ഗോപുരത്തിൽ കയറിയിട്ട് നോക്കട്ടെ, കാണട്ടെ എന്ന് സങ്കൽപിച്ചുകൊണ്ടാണ് ചിലർ വ്യാഖ്യാനിച്ചിട്ടുള്ളത് اطلع -വിന് ശേഷമുള്ള إِلَىٰ ശബ്ദം ഈ സങ്കൽപത്തെ സാധൂകരിക്കുന്നുണ്ട്. *അൽ ഗാഫിർ* 36-37 സൂക്തങ്ങളിൽ പറയുന്നതിങ്ങനെയാണ്:

يَا هَامَانُ ابْنِ لِي صَرْحًا لَّعَلِّي أَبْلُغُ الْأَسْبَابَ ﴿٣٦﴾ أَسْبَابَ السَّمَاوَاتِ
فَأَطَّلِعَ إِلَىٰ إِلَٰهِ مُوسَىٰ وَإِنِّي لَأَظُنُّهُ كَاذِبًا

(ഓ ഹാമാൻ, എനിക്ക് ഒരുത്തുംഗ ഗോപുരം പണിയുക; ഞാൻ സോപാനങ്ങളിലെത്താൻ, ആകാശ സോപാനങ്ങളിൽ. മൂസായുടെ ദൈവത്തെ ഞാനൊന്ന് എത്തിനോക്കട്ടെ. ഈ മൂസാ നുണ പറയുന്നുവെന്നാണെനിക്കു തോന്നുന്നത്).

ഈ ഭാഷണത്തിലൂടെ ഫറവോൻ മൂസാ(അ)യെ പരിഹസിച്ചതാവാം. ഹാമാൻ ഗോപുരം നിർമിച്ചതായോ ഫറവോൻ അതിൽ കയറി നോക്കിയതായോ ഖുർആൻ പറയുന്നില്ല. ചരിത്രത്തിലും ഇല്ല. ഒരുപക്ഷേ, അയാൾ ജനങ്ങളെ വിഡ്ഢികളാക്കിയതുമാകാം. സൂര്യന്റെ അവതാരമായ അയാൾക്ക് ആകാശത്തു കയറിച്ചെന്ന് മൂസായുടെ ദൈവത്തെ തെരയാൻ കഴിയുമെന്ന് ഫറവോൻ ഭക്തന്മാർ കരുതിക്കൂടായ്കയില്ല.

ദൈവം വാനലോകത്ത് ഏതോ സ്വർഗീയ കൊട്ടാരത്തിലെ സിംഹാസനത്തിലിരുന്നു വാഴുകയാണെന്ന സങ്കൽപം പുരാതന കാലം മുതലേ സാമാന്യ ജനങ്ങളിലുണ്ട്. അതുകൊണ്ടാണ് ഫറവോൻ ദൈവത്തെ തെരഞ്ഞ് ആകാശാരോഹണത്തിനൊരുങ്ങുന്നത്. മനുഷ്യൻ ഭൗമേതര ഗ്രഹങ്ങളിൽ സഞ്ചരിക്കുകയും കൃത്രിമ ഉപഗ്രഹങ്ങളിലൂടെ ബഹിരാകാശം മുഴുവൻ ഒപ്പിയെടുക്കുകയും ചെയ്തിട്ട് ദൈവത്തെ കണ്ടെത്തിയിട്ടില്ല എന്ന് നാസ്തികർ പറയുന്നതും ഇതേ സങ്കൽപത്തെ ആസ്പദമാക്കിയാണ്. ഒന്നാമതായി സാക്ഷാൽ ദൈവം അഗോചരനാണ്. മനുഷ്യൻ തന്റെ കണ്ണുകൊണ്ട് തെരഞ്ഞുനോക്കിയാൽ ആകാശത്താണ് അവനുള്ളതെങ്കിൽ പോലും കാണാനാവില്ല. രണ്ടാമതായി ദൈവം ആകാശത്തൊരിടത്തിരുന്ന് വാണരുളുകയാണെന്ന് ദൈവവും വേദഗ്രന്ഥങ്ങളും പറഞ്ഞിട്ടില്ല. അവൻ അനാദിയും അനന്തനും സർവവ്യാപിയുമാണ്. അവനെ തെരഞ്ഞ് നിങ്ങൾ എങ്ങും പോകേണ്ടതില്ല- وَهُوَ مَعَكُمْ أَيْنَ مَا كُنتُمْ 'നിങ്ങൾ എവിടെയായിരുന്നാലും അവൻ നിങ്ങളോടൊപ്പം തന്നെയുണ്ട്' (57:4). അവനെ കേൾപ്പിക്കാൻ ഉച്ചത്തിൽ വിളിക്കുക പോലും വേണ്ട. فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ- 'ഞാൻ സമീപസ്ഥനാകുന്നു. പ്രാർഥിക്കുന്നവന് ഞാൻ ഉത്തരം നൽകുന്നു' (2:186).

وَاسْتَكْبَرَ هُوَ وَجُنُودُهُ فِي الْأَرْضِ بِغَيْرِ الْحَقِّ وَظَنُّوا أَنَّهُمْ إِلَيْنَا لَا يُرْجَعُونَ ﴿٣٩﴾
فَأَخَذْنَاهُ وَجُنُودَهُ فَنَبَذْنَاهُمْ فِي الْيَمِّ فَانظُرْ كَيْفَ كَانَ عَاقِبَةُ الظَّالِمِينَ ﴿٤٠﴾

39. ഫറവോനും പടയും ഭൂമിയിൽ അന്യായമായി നിഗളിച്ചു. അവരൊരിക്കലും നമ്മിലേക്ക് മടങ്ങേണ്ടിവരില്ല എന്നു ഭാവിക്കുകയും ചെയ്തു.

40. ഒടുവിൽ ഫറവോനെയും പടയെയും നാം പിടികൂടി സമുദ്രത്തിൽ ചിതറിക്കളഞ്ഞു. ധർമധിക്കാരികളുടെ പര്യവസാനം എങ്ങനെയായിരുന്നുവെന്ന് നോക്കുക.

**39,40**

وَاسْتَكْبَرَ هُوَ وَجُنُودُهُ فِي الْأَرْضِ= അവനും (ഫറവോനും) അവന്റെ പടയും ഭൂമിയിൽ അഹങ്കരിച്ചു (നിഗളിച്ചു)
بِغَيْرِ الْحَقِّ= (അർഹതയില്ലാതെ (അന്യായമായി) وَظَنُّوا = അവർ ഭാവിച്ചു(വിക്കുകയും ചെയ്തു)
أَنَّهُمْ إِلَيْنَا لَا يُرْجَعُونَ= അവർ (ഒരിക്കലും) നമ്മിലേക്ക് മടക്കപ്പെടുക(മടങ്ങേണ്ടി വരിക)യില്ലെന്ന്
فَأَخَذْنَاهُ= (ഒടുവിൽ) നാം അവനെ പിടികൂടി وَجُنُودَهُ= അവന്റെ പടയെയും
فَنَبَذْنَاهُمْ= എന്നിട്ട് നാം അവരെ ചിതറിക്കളഞ്ഞു فِي الْيَمِّ= സമുദ്രത്തിൽ فَانظُرْ= നീ നോക്കുക
كَيْفَ كَانَ= എങ്ങനെയായിരുന്നുവെന്ന് عَاقِبَةُ الظَّالِمِينَ= (ധർമ) ധിക്കാരികളുടെ പര്യവസാനം

ഫറവോനും പടയും ഭൂമിയിൽ അഹങ്കാരികളായി വാഴുകയായിരുന്നു. വാസ്തവത്തിൽ അങ്ങനെ അഹങ്കരിക്കാൻ അവർക്ക് ഒരവകാശവും അർഹതയും ഉണ്ടായിരുന്നില്ല. അവർക്കെന്നല്ല ആർക്കും ഇല്ല. ഭൂമിയിലായാലും ആകാശത്തായാലും അഹങ്കരിക്കാൻ അവകാശമുള്ളത് അവയെ സൃഷ്ടിക്കുകയും സ്വന്തം വ്യവസ്ഥയിൽ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നവർക്കാണ്. അതാകട്ടെ അല്ലാഹുവല്ലാതെ മറ്റാരുമല്ല. ഭൂമിയുടെ സൃഷ്ടിയിലോ സംവിധാനത്തിലോ യാതൊരു പങ്കുമില്ലാത്തവർ അതിന്റെ ഉടമകളും പരമാധികാരികളുമാണെന്ന് അഹങ്കരിക്കുന്നത് നിരർഥകം മാത്രമല്ല സ്വന്തം ദുരന്ത പര്യവസാനം സ്വയം വിളിച്ചുവരുത്തുന്ന നടപടി കൂടിയാണ്.

ഇത്തരം ആപൽക്കരമായ അഹന്തയുടെ യഥാർഥ കാരണം വെളിപ്പെടുത്തുകയാണ് وَظَنُّوا أَنَّهُمْ إِلَيْنَا لَا يُرْجَعُونَ എന്ന വാക്യം. ദൈവം തങ്ങളെ ധാരാളം കഴിവുകളോടും യോഗ്യതകളോടും കൂടി സൃഷ്ടിച്ചിട്ട് യഥേഷ്ടം വിഹരിക്കാൻ കടിഞ്ഞാണില്ലാതെ വിട്ടയച്ചിരിക്കുകയാണെന്നാണ് അവരുടെ വിചാരം. ഈ ലോകത്ത് അധികമധികം സുഖസൗകര്യങ്ങളും അധികാരവും നേടുക. അതാണീ ജീവിതത്തിന്റെ വിജയം. അതു നേടുന്നത് എങ്ങനെയായാലും കൊള്ളാം. അതിൽ ഒരു നിയമവും പാലിക്കേണ്ടതില്ല. നിയമങ്ങളും മൂല്യങ്ങളുമൊക്കെ നമ്മൾ തീരുമാനിക്കുന്നതാണ്. ഒന്നിനും ആരോടും സമാധാനം ബോധിപ്പിക്കേണ്ടതില്ല. ഈ ജീവിതത്തിനു ശേഷം ഒരു ജീവിതവുമില്ല. ഈ ജീവിത വീക്ഷണം അവരെ അഹങ്കാരികളും താന്തോന്നികളുമാക്കുന്നു.

ഈ അന്യായമായ അഹന്തയുടെ ഫലമായി അല്ലാഹു ഫറവോനെയും പടയെയും പിടികൂടി സമുദ്രത്തിലെറിഞ്ഞുകളഞ്ഞു. മൂസാ നബിയെ തള്ളിപ്പറഞ്ഞ് ഇസ്രാഈല്യരെ അടിമത്തത്തിൽ തളച്ചിടാൻ ശ്രമിച്ച ഫറവോൻ ചെങ്കടലിൽ മുങ്ങിയൊടുങ്ങിയ കഥ *അൽബഖറ* മുതൽ ഇതുവരെയുള്ള നിരവധി സൂറകളിൽ പരാമർശിച്ചുകഴിഞ്ഞിരിക്കുന്നു. ആ ശോചനീയമായ പര്യവസാനത്തെക്കുറിച്ച് ചിന്തിച്ചുനോക്കുക. ഈ ഉപദേശം അതിന്റെ അവതരണ പശ്ചാത്തലത്തിൽ മുഹമ്മദ് നബിയോട് നേരിട്ടും പിന്നീട് അദ്ദേഹം മുഖേന എല്ലാ പ്രബോധകരോടുമാണ്. അതു നൽകുന്ന പാഠം, പ്രവാചകന്മാരെ എതിർക്കുന്നവർ ആരായാലും ഒടുവിൽ പരാജിതരാകും എന്നതാണ്. ആ പരാജയം വന്നു ഭവിക്കുന്ന വഴി പ്രവാചകന്മാർക്കു പോലും നേരത്തേ കണക്കുകൂട്ടാൻ പറ്റിയെന്നു വരില്ല. അടിമകളായിരുന്ന ഇസ്രാഈല്യർ മൂലം ഫറവോൻ തോൽപിക്കപ്പെടുകയും നശിപ്പിക്കപ്പെടുകയും ചെയ്യുമെന്ന് ആർക്കെങ്കിലും ഊഹിക്കാൻ കഴിഞ്ഞിരുന്നുവോ? അല്ലാഹു അവന്റെ പദ്ധതികൾ നടപ്പാക്കുക പലപ്പോഴും ഇത്തരം ദുരൂഹ മാർഗങ്ങളിലൂടെയായിരിക്കും.

وَجَعَلْنَاهُمْ أَئِمَّةً يَدْعُونَ إِلَى النَّارِ ۖ وَيَوْمَ الْقِيَامَةِ لَا يُنصَرُونَ ﴿٤١﴾
وَأَتْبَعْنَاهُمْ فِي هَٰذِهِ الدُّنْيَا لَعْنَةً ۖ وَيَوْمَ الْقِيَامَةِ هُم مِّنَ الْمَقْبُوحِينَ ﴿٤٢﴾

41. നാം അവരെ നരകത്തിലേക്ക് പ്രബോധനം ചെയ്യുന്ന ആചാര്യന്മാരാക്കിയിരിക്കുന്നു. അന്ത്യനാളിലോ അവർക്ക് എങ്ങുനിന്നും സഹായം ലഭിക്കുകയില്ല.

42. ഈ ഭൗതികലോകത്തുതന്നെ നാം അവർക്കു പിമ്പേ ശാപം തുടർത്തിയിരിക്കുന്നു. ഉയിർത്തെഴുന്നേൽപു നാളിലോ, അവർ മഹാ മ്ലേഛന്മാരായിത്തീരുന്നു.

**41,42**

وَجَعَلْنَاهُمْ أَئِمَّةً= നാം അവരെ നേതാക്കൾ, ആചാര്യന്മാർ ആക്കിയിരിക്കുന്നു
يَدْعُونَ إِلَى النَّارِ= അവർ നരകത്തിലേക്ക് പ്രബോധനം ചെയ്യു(ന്ന)ന്നു وَيَوْمَ الْقِيَامَةِ= അന്ത്യനാളിൽ(ലോ)
لَا يُنصَرُونَ= അവർ സഹായിക്കപ്പെടുകയില്ല (എങ്ങുനിന്നും സഹായം ലഭിക്കുകയില്ല)
وَأَتْبَعْنَاهُمْ= നാം അവർക്കു പിമ്പെ തുടർത്തിയിരിക്കുന്നു فِي هَٰذِهِ الدُّنْيَا = ഈ ഭൗതിക ലോകത്തു(തന്നെ)
لَعْنَةً= ശാപം وَيَوْمَ الْقِيَامَةِ= ഉയിർത്തെഴുന്നേൽപു നാളിൽ(ലോ) هُم = അവർ
مِّنَ الْمَقْبُوحِينَ= നീചരിൽ, നികൃഷ്ടരിൽപെട്ടവരാകുന്നു (മഹാ മ്ലേഛരരായിത്തീരുന്നു)

അവരെ നരകത്തിലേക്ക് വിളിക്കുന്ന നേതാക്കളാക്കി- وَجَعَلْنَاهُمْ أَئِمَّةً يَدْعُونَ إِلَى النَّارِ എന്നതിന്റെ താൽപര്യം, ഫറവോനികളെ അല്ലാഹു ജനത്തെ നരകത്തിലേക്ക് ക്ഷണിക്കുന്ന പ്രബോധകരാക്കി നിയോഗിച്ചു എന്നല്ല. അവർ അല്ലാഹുവിനെയും പരലോകത്തെയും അംഗീകരിക്കാൻ കൂട്ടാക്കാതെ തങ്ങൾ തന്നെയാണ് തങ്ങളുടെ ദൈവം എന്ന നിലപാട് കൈക്കൊണ്ടപ്പോൾ അല്ലാഹു അവന്റെ നടപടിക്രമമനുസരിച്ച്, സ്വയം സ്വീകരിച്ച വഴിയിലൂടെ മുന്നോട്ടുപോകാൻ അവർക്ക് അവസരം നൽകി. അങ്ങനെ അവർ സത്യത്തിലേക്കും ധർമത്തിലേക്കും അതുവഴി സ്വർഗത്തിലേക്കും പ്രബോധനം ചെയ്യുന്ന നേതാക്കളാകുന്നതിനു പകരം അസത്യത്തിലേക്കും അധർമത്തിലേക്കും അതുവഴി നരകത്തിലേക്കും ജനത്തെ തെളിച്ചുകൊണ്ടുപോകുന്ന നേതാക്കളായിത്തീർന്നു എന്നാണ്. നാം അവർക്ക് അവസരം നൽകി- وأمهلناهم എന്നാണ് ഇവിടെ നാം അവരെ ആക്കി- وَجَعَلْنَاهُمْ എന്നതിന്റെ താൽപര്യം. ഇന്ന് ജനം അഹന്തയും ധിക്കാരവും വളർത്താൻ അവരെ സഹായിക്കുന്നു. ദുഷ്ചെയ്തികളും ദുഷ്പ്രവണതകളും വളർത്താൻ അവർ ജനങ്ങളെയും സഹായിക്കുന്നു. എന്നാൽ അന്ത്യനാളിൽ അവർക്ക് ജനങ്ങളെയോ ജനങ്ങൾക്ക് അവരെയോ ഒരു വിധത്തിലും സഹായിക്കാനാവുകയില്ല. രണ്ടു കൂട്ടരും ആരാധിച്ചുകൊണ്ടിരിക്കുന്ന വ്യാജ ദൈവങ്ങളും സഹായിക്കാനുണ്ടാവില്ല. ഈ ലോകത്ത് അന്യായമായി അഹങ്കരിച്ച മഹാ രാജകുമാരന്മാരും തിന്മയുടെയും അസത്യദർശനങ്ങളുടെയും നേതാക്കളും ആചാര്യന്മാരും ആയി വാഴുന്നവർക്ക് അവരുടെ അനുയായികൾ ഉച്ചത്തിൽ 'ജയ്' വിളിച്ചുകൊണ്ടിരിക്കും. പിന്നീട് ഈ ലോകത്തു തന്നെ ആളുകൾ അവരെ ശപിക്കുകയും ഭർത്സിക്കുകയും ചെയ്യുന്നതു കാണാം. ലോകചരിത്രത്തിൽ ഇതിന് എത്രയോ ഉദാഹരണങ്ങളുണ്ട്. ഇനി പരലോകത്തോ, ഈ രാജാക്കന്മാരും നേതാക്കന്മാരും ഏറ്റം നികൃഷ്ടരും നീചരുമായിട്ടാണ് ഗണിക്കപ്പെടുക. ഈ ആശയം നേരത്തേ സൂറ *ഹൂദ്* 97-99 സൂക്തങ്ങളിൽ ഇപ്രകാരം അവതരിപ്പിച്ചിരിക്കുന്നു:

إِلَىٰ فِرْعَوْنَ وَمَلَئِهِ فَاتَّبَعُوا أَمْرَ فِرْعَوْنَ ۖ وَمَا أَمْرُ فِرْعَوْنَ بِرَشِيدٍ ﴿٩٧﴾
يَقْدُمُ قَوْمَهُ يَوْمَ الْقِيَامَةِ فَأَوْرَدَهُمُ النَّارَ ۖ وَبِئْسَ الْوِرْدُ الْمَوْرُودُ ﴿٩٨﴾
وَأُتْبِعُوا فِي هَٰذِهِ لَعْنَةً وَيَوْمَ الْقِيَامَةِ ۚ بِئْسَ الرِّفْدُ الْمَرْفُودُ ﴿٩٩﴾

(ഫറവോനെയും അവന്റെ നാട്ടുമൂപ്പന്മാരെയും -പ്രബോധനം ചെയ്യാൻ നാം മൂസായെ നിയോഗിച്ചു- പക്ഷേ ജനം പിന്തുടർന്നത് ഫറവോന്റെ കൽപനയായിരുന്നു. ഫറവോന്റെ കൽപനയോ സാന്മാർഗികമായിരുന്നില്ല. ഉയിർത്തെഴുന്നേൽപുനാളിൽ അവൻ ജനത്തെ നയിക്കുന്നു. എന്നിട്ടവരെ നരകക്കുണ്ടിലിറക്കുന്നു. എത്ര ദുഷ്ടമായ കടവിലാണവർ ചെന്നിറങ്ങിയത്! ഈ ലോകത്തും അവർക്ക് ലഭിച്ചത് ശാപമാകുന്നു. എത്ര ദുഷ്ടമാണവർക്കു ലഭിച്ച സമ്മാനം!).